# അൽപം ഇവിടെ

മലയാളത്തിൽ ഇപ്പോൾ വാർഷികപ്പതിപ്പിനു പുതുമ യൊന്നുമില്ല. ഏറെക്കുറെ എല്ലാ പത്രങ്ങളും വാർഷി കപ്പതിപ്പുകൾ പ്രസിദ്ധീകരിക്കാറുണ്ട്. അതുപോലെ തികച്ചും സാധാരണമായ ഒരു വാർഷികപ്പതിപ്പാണ് ഇത്തവണ 'പ്രബോധനം' മാസികയും നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നത്. അതിനാൽ വിശേഷി ച്ചൊന്നും ഞങ്ങളിവിടെ അവകാശപ്പെടുന്നില്ല. എന്നാലും മുസ്‌ലിം സമുദായത്തിന്റെ മനനമണ്ഡല ത്തിൽ പച്ചിച്ചു നിൽക്കുന്ന ചില പ്രശ്നങ്ങളെ ഇതി ലൂടെ അവതരിപ്പിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. അവ യിൽ പലതും ധാരാളമായി ഇനിയും ചർച്ചചെയ്യപ്പെ ടേണ്ടതായിരിക്കാം. ഒരു വേള അത്തരം ചർച്ചകൾക്ക് നാന്ദി കുറിക്കാനെങ്കിലും ഈ സംരംഭം സഹായകമാ യെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

താളുകൾ മറിക്കുമ്പോൾ ലബ്ധപ്രതിഷ്ഠരായ സാഹി ത്യകാരന്മാരുടെയും മുസ്‌ലിം ലോക പണ്ഡിതന്മാരു ടെയും വൈവിധ്യമാർന്ന കലാസൃഷ്ടികളോടൊപ്പം വ ളരാൻ വെമ്പുന്ന കരുത്തുറ്റ ചില കൂമ്പുകളും നിങ്ങൾക്ക് കാണാം. മലയാള മത സാഹിത്യരംഗത്ത് ഇന്നു പ്രകടമായി കാണുന്ന വിടവ് വലിയ ഒരള വോളമെങ്കിലും നികത്തുവാൻ ഈ പുതിയ തലമുറക്ക് സാധിക്കുമെന്ന് നാം പ്രതീക്ഷിക്കുക.

വിഷയവൈവിധ്യത്തെക്കാളേറെ പ്രശ്നങ്ങളുടെ വസ്തുനിഷ്ഠമായ പഠനങ്ങൾക്കാണ് ഞങ്ങളിതിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. അതിനാൽ പല ലേഖ നങ്ങളും ഒട്ടൊക്കെ ദീർഘിച്ചുപോയിരിക്കുന്നു. എന്നാലും സാഹിത്യത്തിന്റെ വിവിധ വശങ്ങൾക്ക് സ്ഥാനം നൽകാൻ ശ്രമിക്കാതിരുന്നിട്ടില്ല. വാർഷികപ്പ തിപ്പിന്റെ ജയാപജയങ്ങൾ വിലയിരുത്തേണ്ടത് സഹൃ ദയരായ വായനക്കാരാണ്. ഞങ്ങളത് പൂർണമായും അവർക്ക് വിട്ടുകൊടുക്കുന്നു.

– പത്രാധിപർ